**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3762** **27-06-2024 - ൽ മറുപടിയ്ക്ക്**

**മിലിട്ടറി കാന്റീനുകൾ മുഖാന്തിരം വാങ്ങുന്ന വാഹനങ്ങൾക്കുള്ള റോഡ് നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സൈനികർ/വിമുക്തഭടന്മാർ മിലിട്ടറി കാന്റീനുകൾ മുഖാന്തിരം വാങ്ങുന്ന വാഹനങ്ങൾക്ക് മിലിട്ടറി കാന്റീൻ ഇൻവോയ്സ് വിലയിൽ നിന്നും വ്യത്യസ്തമായി പൊതുമാർക്കറ്റിലെ വിലയ്ക്ക് ആനുപാതികമായി റോഡ് നികുതി ഈടാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. സംസ്ഥാനത്ത് സ്വകാര്യ മോട്ടോർ കാറുകൾക്ക്, വില അനുസരിച്ച്, 15 വർഷത്തേക്ക് ഒറ്റത്തവണ നികുതി ഈടാക്കി വരുന്നു. പരിവാഹൻ പോർട്ടലിൽ വാഹന നിർമ്മാതാവ് ഹോമോലോഗേഷനിലൂടെ നൽകുന്ന വിലയുടെ അടിസ്ഥാനത്തിൽ മാത്രമാണ് നികുതി നിശ്ചയിക്കുന്നത്. സേനകളുടെ കാന്റീനുകളിൽ നിയമാനുസൃതമായ ഇളവുകളോടെ വാങ്ങുന്ന വാഹനങ്ങൾക്ക് ഉള്ള ഇളവ് കണക്കാക്കാതെ, ഹോമോലോഗേഷൻ വിലയുടെ അടിസ്ഥാനത്തിലാണ് നികുതി സ്വീകരിക്കുന്നത്. |
| (ബി) | ഇപ്രകാരം വാഹനം വാങ്ങുന്ന വിലയ്ക്ക് ആനുപാതികമായി അല്ലാതെ ഉയർന്ന നിരക്കിൽ സൈനികർ/വിമുക്തഭടന്മാർ അടക്കേണ്ടിവരുന്ന റോഡ് നികുതി കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (ബി) | നികുതി കുറയ്ക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ